Government of Kerala

**Abstract**

Local Self Government Department – Judgment in W.P. (C) No.5673/2017 filed by Sri.Gireesh M.M- Complied with - Orders issued.

LOCAL SELF GOVERNMENT (RD) DEPARTMENT

G.O.(Rt)No.1559 /2020/LSGD *Dated, Thiruvananthapuram 20/08/2020*

*Read:-*
1. Judgment in W.P.(C)No. 5673/2017 dated 28/02/2019.
2. Letter No.WP(C)5673/2017/N4 dated 17/3/2020 from State Attorney,Kerala

ORDER

The Hon'ble High Court of Kerala as per the Judgment read above, has directed to issue guidelines for the operation of dangerous rides in carnivals and theme parks, so as to ensure that an effective permanent mechanism for the issuance of license in future is put in place.

2) Government have examined all the aspects of the case and are pleased to approve the guide lines for issuing license to amusement rides as **appended herewith** (in English & Malayalam).

3) The directions contained in the Judgment dated 28/02/2019 in W.P. (C)No. 5673/2017 is thus complied with.

(By order of the Governor)

Sarada Muraleedharan
Principal Secretary.

To

1. The Advocate General (with covering letter)
2. The Director of Urban Affairs, Thiruvananthapuram.

3. The Chairman & Managing Director,KSEB Ltd.
4. The Chief Engineer, Public Works Department
5. The Director General, Kerala Fire and Rescue Services, Thiruvananthapuram.
6. Home Department(vide UO(F)no.23011/F2/2017/Home
7. The Chairman,Keral State Pollution Control Board,Thiruvananthapuram.
8. The Transport Commissioner, Motor Vehicle Department,Thiruvananthapuram.
9. The Executive Director, IKM, Swaraj Bhavan, Thiruvananthapuram (to publish in the Local Self Government Department website).
10. Stock File/Office Copy.

Forwarded/By order

Section Officer.

**Appendix**

## Guidelines for issuing license to amusement rides of various types in Carnival and Theme parks

Ref:- The Kerala Places of Public Resort Act 1963 and Kerala Places of Public Resort (PPR) Rules,1965 made thereunder

The licensing and inspection of Places of Public Resorts or entertainments in the State of Kerala is presently governed by the Kerala Places of Public Resort Act 1963 . The New guidelines will apply to the operation of all types of rides and devices both temporary and permanent in nature installed in carnival sites, amusement parks and theme parks for public entertainment. Nothing in these guidelines is intended to contravene provisions of any existing Government regulations

The safety requirements of the amusement rides of various types shall be ensured at every stage ie the construction stage, installation stage and utilisation stage. It is necessary that expert engineers from mechanical and civil engineering sectors inspect the installations before the LSG issues license to operate any such rides. In view of this and in compliance with the directions of Honourable High Court of Kerala in WP(C) No 5673/2017 the following guidelines regarding granting of licenses to such entertainments are issued in addition to the conditions laid down under rules 30 and 34 of Kerala Places of Public Resort Rules 1965:

1 Approvals for amusement installations, both temporary and permanent shall be in line with Code of Recommended Practice for Amusement Rides Safety (Part I and Part II) issued by Bureau of Indian Standards (Hereunder referred to as the code.) The Authority to issue approval will be the Secretary of the Local Self Government in whose jurisdiction the installation is set up.

(i) Application should be submitted to the Secretary along with the plans and clearances from the departments concerned. The applicant may be directed to annexe along with the application, the following certificates as a condition precedent for obtaining permission for

amusement rides in Kerala.

(a) NOC/approval from Electrical Inspectorate.

(b) NOC/approval from Fire and Rescue Department.

(c) NOC/approval from PWD (Mechanical Division)

(d) Structural Stability Certificate with layout drawings from a M.Tech qualified registered Structural Engineer/Architect.

(e) Public Liability Insurance Policy for ensuring the safety of the persons admitted in the amusement rides.

(f) Insurance coverage to labourers and artisans engaged in the amusement rides.

(g) NOC from the labour department if necessary.

(h) If food and beverage other than branded packed items are to be served in the premises, license from Food Safety and Standards Authority of India- FSSAI shall be obtained.

(i) Documents to prove the ownership of land.

2 One month prior tender notice is to be issued to enable the applicant to obtain all clearances

a Engineering Wing of LSGs shall be entrusted with the inspection of the places of Public Resort and Entertainment. The organiser shall have to produce fitness Certificate of the installation from PWD (Mechanical Division) as stipulated in the code. Authority has to verify the fitness of the equipment before issuing licence

b The organiser will be held responsible for the safety of the rides. The organiser shall appoint technically competent person/persons, who will be always available in the place to ensure the safety of such rides . Details of such persons shall be entered in the license and the person shall be available in the

premises when the rides are in operation. Further, every day before the rides are set on, the concerned person appointed by the organiser shall certify that all rides are in safe condition and ready to operate.

c Restaurants/Cafes are to be located at sufficient distance from amusement venues.

d Adequate lighting and Signage (Especially entry and exit, no smoking) are to be provided.

e The technical inspection and verification is to be done by the Municipal Engineer or officer concerned.

f Fire protection facility is to be provided and shall be to the satisfaction of the Fire and Rescue Services Department. Fire and Rescue Services Department shall issue site clearance and final installation clearance certificates on satisfaction of compliance with the relevant provisions of the National Building Code 2016.

g Electrical fittings are to be certified by Electrical Inspectorate. Statutory clearance from overhead electrical lines are to be given by KSEB.

3 On receipt of the application, the Secretary or the Officer authorised by him shall issue an acknowledgement to the applicant. If any supporting document is not found, the Secretary or the Officer, shall immediately inform the applicant in writing the list of missing documents and allow the applicant to submit the missing document.

4 The Local Self Government shall determine the fine to be imposed in case of non compliance as per the Section 16 of Kerala Places of Public Resort Act 1963.

5 The Local Self Government shall collect a specified amount of money as advance for ensuring performance security (as indicated in the tender document) which will be released in full after closure of the amusement park in case no default of compliance is made.

6 If the premises are not cleared after the permit validity, the

Secretary shall, on the failure of the person to demolish or dismantle the shed or hut building at the expiry of the period specified, cause it to be demolished or dismantled and the cost thereof shall be recovered from such person as if it were an arrear of property tax due.

7 Licensee shall be responsible for the timely disposal of the remains/waste caused by organising carnivals, maintain hygienic status all the time and to provide the facilities in accordance with the provisions of State/Central Pollution Control Board.

8 Licence under Kerala Places of Public Resort Act shall be obtained for carnivals /Amusement rides conducted in any place including the place where Kerala Film Regulation Act is in force.

9 Details of GST Registration of the licensee shall be provided in advance to the Local Self Government Institution concerned.

10 The list of rides predetermined to operate shall be enclosed along with the application for license and no change shall be made in the list without prior approval of Licensing Authority.

11 Fitness certificate of animals, that are exhibited in the carnivals, shall be obtained from Animal Husbandry Department.

The Authorities responsible for issuing NOC /approval should ensure that the provisions contained in the Code of Recommended Practice for Amusement Ride Safety (Part I to Part VI) are strictly complied with.

**അനുബന്ധം**

## **തീം പാർക്കുകളിലും മേളകളിലും അമ്യൂസ്മെന്റ് റൈഡ് നടത്തുന്നതിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖ**

സൂചന : 1963-ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് (പി.പി.ആർ) ആക്ടും
1965-ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് (പി.പി.ആർ) റൂൾസും

കേരളത്തിൽ പൊതു സങ്കേതങ്ങളിൽ നടക്കുന്ന വിനോദ പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് പരിശോധനകളും ലൈസൻസ് അനുവദിക്കലും 1963-ലെ പൊതു സങ്കേത നിയമത്തിന് (പി.പി.ആർ ആക്ട്) അനുസൃതമായിട്ടാണ് നടന്നുവരുന്നത്. ഉത്സവങ്ങൾ / മേളകൾ എന്നിവയോടനുബന്ധിച്ചും അമ്യൂസ്മെന്റ് പാർക്കുകൾ / തീം പാർക്കുകൾ എന്നിവയിലും താൽക്കാലികമായോ സ്ഥിരമായോ അമ്യൂസ്മെന്റ് റൈഡുകൾ സ്ഥാപിച്ച് നടത്തുന്ന വിനോദപരിപാടികൾക്ക് പുതിയ മാർഗ്ഗരേഖ ബാധകം ആയിരിക്കുന്നതാണ്. ഇത് സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കും ഈ മാർഗ്ഗരേഖ.

അമ്യൂസ്മെന്റ് റൈഡുകൾ സ്ഥാപിക്കുന്നതു മുതൽ അത് പ്രവർത്തിപ്പിച്ച് വിനോദ പരിപാടികൾ നടത്തുന്നത് വരെയുള്ള എല്ലാ തലങ്ങളിലും അതിന്റെ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഇത്തരത്തിലുള്ള അമ്യൂസ്മെന്റ് റൈഡുകൾക്കു ലൈസൻസ് നൽകുന്നതിന് മുൻപായി മെക്കാനിക്കൽ എഞ്ചിനീയറിങ്ങിലും സിവിൽ എഞ്ചിനീയറിങ്ങിലും വൈദഗ്ധ്യമുള്ളവരുടെ പരിശോധനകൾ ആവശ്യമാണ്. ഈ കാഴ്ചപ്പാടിന് അനുസൃതമായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(c) 5673/2017 നമ്പർ -കേസിലെ ഉത്തരവു പ്രകാരവും അമ്യൂസ്മെന്റ് റൈഡുകൾക്ക് ലൈസൻസ് നൽകുന്നതിനു ഇനി പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. 1965-ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് റൂളിലെ ചട്ടം 30, 34 എന്നിവയ്ക്കു പുറമേയായിരിക്കും ഇത്.

**1** താൽക്കാലികമോ സ്ഥിരമോ ആയ അമ്യൂസ്മെന്റ് റൈഡിന്റെ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകുന്നത് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് പുറപ്പെടുവിച്ചിട്ടുള്ള കോഡ് ഓഫ് റെക്കമെന്റഡ് പ്രാക്ടീസ് ഫോർ അമ്യൂസ്മെന്റ് റൈഡ്സ് സേഫ്റ്റി - പാർട്ട് I & II [Code of Recommended Safety (Part I and Part II) issued by Bureau of Indian Standards] എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം. (തുടർന്നുള്ള ഭാഗത്ത് ഈ വ്യവസ്ഥകളെ പറ്റിയുള്ള പരാമർശത്തിന് "കോഡ്" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു.) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന വിനോദ പരിപാടികൾക്ക് അനുമതി നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്.

(i) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റും പ്ലാനും സഹിതമാണ് സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടത്. അമ്യൂസ്മെന്റ് റൈഡിന് അനുമതി ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ് :

a) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി പത്രം / നിരാക്ഷേപ പത്രം
b) കേരള അഗ്നിരക്ഷാ സേവന വകുപ്പിൽ നിന്നും (Fire and Rescue Services Department, Kerala) അനുമതി പത്രം / നിരാക്ഷേപ പത്രം
c) കേരള പി.ഡബ്ല്യൂ.ഡി (മെക്കാനിക്കൽ ഡിവിഷൻ)യിൽ നിന്നുള്ള അനുമതി പത്രം / നിരാക്ഷേപ പത്രം
d) എം.ടെക് വിദ്യാഭ്യാസ യോഗ്യതയുള്ള ആർക്കിടെക്റ്റ് / സ്ട്രക്ച്ചറൽ എൻജിനീയറിൽ നിന്നുള്ള സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് (Structural Stability Certificate)- ലേ ഔട്ട് സഹിതം.
e) അമ്യൂസ്മെന്റ് റൈഡിൽ പ്രവേശിപ്പിക്കുന്ന പൊതുജനത്തിന്റെ സുരക്ഷയ്ക്കായി എടുത്ത പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് പോളിസി (Public Liability Insurance Policy)
f) അമ്യൂസ്മെന്റ് റൈഡ് പ്രവർത്തിപ്പിക്കുന്ന ജീവനക്കാരുടെ / തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള ഇൻഷുറൻസ് പരിരക്ഷ സംബന്ധിച്ച രേഖ (പോളിസി)
g) തൊഴിൽ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം (ആവശ്യമെങ്കിൽ മാത്രം).
h) പായ്ക്ക് ചെയ്ത ബ്രാൻഡഡ് ഉൽപന്നങ്ങൾ ഒഴികെയുള്ള ഭക്ഷണപാനീയങ്ങൾ വിനോദ പരിപാടി നടക്കുന്നിടത്ത് വിൽക്കുന്നുവെങ്കിൽ / വിതരണം ചെയ്യുന്നുവെങ്കിൽ അതിന് ഫുഡ് സേഫ്റ്റി ലൈസൻസ് (Food safety and Standards Authority of India – FSSAI)
i) സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനു മതിയായ രേഖ.

**2.** മേളകളോട് / ഉത്സവങ്ങളോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം വക സ്ഥലത്ത് അമ്യൂസ്മെന്റ് പാർക്ക് / റൈഡർ നടത്തുന്ന സംഗതിയിൽ, കുത്തകക്കാരന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ഉതകുംവിധം, ഉത്സവങ്ങൾ ആരംഭിക്കുന്നതിന് ഒരു മാസം മുൻപ് ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

a) വിനോദ പരിപാടി നടത്തുന്ന സ്ഥലത്തെ പരിശോധനകൾ നടത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയറിങ് വിഭാഗമായിരിക്കും. "കോഡിൽ" നിർദ്ദേശിച്ചിട്ടുള്ള വിധത്തിൽ അമ്യൂസ്മെന്റ് റൈഡിന്റെ നടത്തിപ്പുകാരൻ / ഉടമ പൊതുമരാമത്ത് വകുപ്പിൽ നിന്നും (മെക്കാനിക്കൽ ഡിവിഷൻ) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ ഫിറ്റ്നസ് പരിശോധിച്ച് ഉറപ്പാക്കി വേണം ലൈസൻസ് അനുവദിക്കേണ്ടത്.
b) അമ്യൂസ്മെന്റ് റൈഡിന്റെ സംഘാടകരാണ് റൈഡിന്റെ സുരക്ഷയ്ക്ക് പൂർണ ഉത്തരവാദികൾ. റൈഡിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി സാങ്കേതിക പരിജ്ഞാനമുള്ളവരെ ഉടമ / സംഘാടകർ നിയോഗിക്കേണ്ടതും അവരുടെ സാന്നിധ്യം ഏതു സമയത്തും ഉണ്ടാകുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഇത്തരത്തിൽ, അമ്യൂസ്മെന്റ് റൈഡ് നടക്കുമ്പോൾ പൂർണ സമയം ഉണ്ടാകേണ്ട സാങ്കേതിക വിദഗ്ധരുടെ പേരുവിവരം ലൈസൻസിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. കൂടാതെ എല്ലാ ദിവസവും അമ്യൂസ്മെന്റ് റൈഡ് ആരംഭിക്കുന്നതിനു മുൻപായി ഈ സാങ്കേതിക വിദഗ്ധർ എല്ലാ അമ്യൂസ്മെന്റ് ഉപകരണങ്ങളും സുരക്ഷിതാവസ്ഥയിലാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

c) അമ്യൂസ്മെന്റ് റൈഡിൽ നിന്നും മതിയായ അകലത്തിലായിരിക്കണം റസ്റോറന്റുകളും കഫേകളും.

d) വിനോദ പരിപാടി നടത്തുന്ന സ്ഥലത്ത് ആവശ്യത്തിന് വെളിച്ച സംവിധാനം ഉണ്ടായിരിക്കണം. സന്ദർശകരുടെ സൗകര്യത്തിനായി അകത്തേക്കും പുറത്തേക്കുമുള്ള വഴി, പുകവലി പാടില്ല തുടങ്ങിയ അറിയിപ്പ് ബോർഡുകൾ (Sign Boards) സ്ഥാപിച്ചിരിക്കണം.

e) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയർ (ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ എൻജിനീയർ) സാങ്കേതിക പരിശോധന നടത്തി സുരക്ഷ ഉറപ്പാക്കിയിരിക്കണം.

f) കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പിന്റെ നിർദേശങ്ങൾക്ക് അനുസരിച്ചുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കിയിരിക്കണം. 2016-ലെ നാഷണൽ ബിൽഡിങ് കോഡിൽ അനുശാസിക്കുന്ന വിധത്തിലുള്ള അഗ്നി സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. സൈറ്റ് ക്ലിയറൻസ് സർട്ടിഫിക്കറ്റും റൈഡർ സ്ഥാപിച്ചതിനു ശേഷം ഇൻസ്റ്റലേഷൻ ക്ലിയറൻസ് സർട്ടിഫിക്കറ്റും ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് നൽകേണ്ടതാണ്.

g) വൈദ്യുതീകരണം സംബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കണം. ഇലക്ട്രിസിറ്റി ബോർഡിൽ (KSEB) നിന്നും വൈദ്യുതി ലൈനിൽ നിന്നുള്ള ദൂരം സംബന്ധിച്ച് നിയമപരമായ ക്ലിയറൻസും (സുരക്ഷ മുൻനിർത്തി) വാങ്ങിയിരിക്കണം.

**3.** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭിക്കുന്ന അപേക്ഷയ്ക്ക് സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ, അപേക്ഷയോടൊപ്പം എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ ആ വിവരം രേഖപ്പെടുത്തി നിശ്ചിത സമയത്തിനകം അവ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വേണം കൈപ്പറ്റ് രസീത് നൽകേണ്ടത്.

**4.** തദ്ദേശ സ്വയംഭരണ സ്ഥാപനം വക സ്ഥലത്ത് അമ്യൂസ്മെന്റ് പാർക്ക് നടത്തുന്നതിന് ടെൻഡർ എടുത്തിട്ടുള്ള അപേക്ഷകൻ / കുത്തകക്കാരൻ ടെൻഡർ നടപടികളിൽ വീഴ്ചവരുത്തിയാൽ 1963-ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് (പി.പി.ആർ) ആക്ട് സെക്ഷൻ 16 പ്രകാരമുള്ള തുക പിഴ(ഫൈൻ)യായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈടാക്കേണ്ടതാണ്.

**5.** തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരു നിശ്ചിത തുക പെർഫോമൻസ് സെക്യൂരിറ്റിയായി അപേക്ഷകനിൽ നിന്നും / കുത്തകക്കാരനിൽ നിന്നും മുൻകൂറായി ഈടാക്കേണ്ടതും ടെൻഡർ നടപടികളിൽ വീഴ്ച വരുത്താത്ത പക്ഷം മേഴ

അവസാനിക്കുന്ന സമയത്ത് അഡ്വാൻസ് തുക മുഴുവനായി അപേക്ഷകന്/കുത്തകക്കാരന് തിരിച്ചുനൽകേണ്ടതുമാണ്

**6.** പെർമിറ്റ് കാലാവധി അവസാനിച്ചാലുടൻ തന്നെ ഷെഡ്ഡുകൾ, കമാനങ്ങൾ, ചമയങ്ങൾ മുതലായവ പൊളിച്ചു നീക്കി പരിസരം ശുചിയാക്കുന്നതിന് ലൈസൻസി / കുത്തകക്കാരൻ ബാധ്യസ്ഥനായിരിക്കും. ഈ കാര്യത്തിൽ ലൈസൻസി വീഴ്ച വരുത്തുന്ന പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ലൈസൻസിയുടെ / കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അവ പൊളിച്ചുനീക്കേണ്ടതും അതിനു വരുന്ന ചെലവ് ടി കക്ഷികളിൽ നിന്നും ഭൂമിയിൻ മേലുള്ള നികുതി കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതുമാണ്.

**7.** കാർണിവൽ സംഘടിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ/ മാലിന്യങ്ങൾ യഥാസമയം മാറ്റുന്നതിനും, എപ്പോഴും ശുചിത്വമുള്ള സ്ഥിതിവിശേഷം ഉണ്ടാകുന്നതിനും സംസ്ഥാന/കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾക്കനുസൃതമായുള്ള സൗകര്യം ഒരുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ലൈസൻസിയ്ക്കായിരിക്കും.

**8.** കേരള സിനിമ റഗുലേഷൻ നിയമം ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെടെ എവിടെ കാർണിവൽ / അമ്യൂസ്മെന്റ് റൈഡുകൾ സംഘടിപ്പിച്ചാലും അതിനായി Kerala Places of Public Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കണം.

**9.** ലൈസൻസിയുടെ GST രജിസ്ട്രേഷൻ വിവരങ്ങൾ മുൻകൂട്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

**10.** ലൈസൻസ് അപേക്ഷയോടൊപ്പം ഏതൊക്കെ റൈഡുകളാണ് ഉപയോഗിക്കുന്നത് എന്നത് സംബന്ധിച്ച ലിസ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതും ലൈസൻസ് നൽകുന്ന അധികാരിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ ലിസ്റ്റിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ലാത്തതുമാണ്

**11.** കാർണിവലിൽ ഏതെങ്കിലും മൃഗങ്ങളെ പ്രദർശിപ്പിക്കുന്ന പക്ഷം പ്രസ്തുത മൃഗങ്ങളുടെ ശാരീരിക ക്ഷമത സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള fitness certificate ലഭ്യമാക്കേണ്ടതാണ്

അനുമതി / നിരാക്ഷേപ പത്രം പുറപ്പെടുവിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും അമ്യൂസ്മെന്റ് റൈഡ് സുരക്ഷ സംബന്ധിച്ചുള്ള കോഡ് കൃത്യമായി പാലിക്കേണ്ടതാണ്. (Code of Recommended Practice for Amusement Ride Safety – Part I to Part VI)